(ബി) അന്നു് നിലവിലിരുന്ന വ്യവസ്ഥകൾ അനുസരിച്ചു് അണ്ടർഗ്രാഡ്വേറ്റു് ക്ലാക്കന്മാരുടെ ശമ്പളസ്കെയിൽ എന്തായിരുന്നു?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) രൂപ 30–3–45.

(ബി) രൂപ 25–1–30.

സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെൻറു്

* 731. [37] ശ്രീ. എൻ. ചന്ദ്രശേഖരൻനായർ: താഴെ കാണുന്ന ചോദ്യത്തിനു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെൻറു് 1954-ൽ റീ ഓർഗനൈസേഷൻ നടത്തിയ കാലത്തു് ഫീൽഡു് അസിസ്റ്റൻറന്മാരെ അവഗണിച്ചിട്ടുണ്ടെന്ന പരാതി ലഭിച്ചിട്ടുണ്ടോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം): അങ്ങനെ പരാതി ലഭിച്ചിട്ടില്ല.

STARRED QUESTIONS POSTED FOR ANSWER ON 15–4–1955

പട്ടികജാതി കോളേജു് വിദ്യാർത്ഥികളുടെ സ്റ്റൈപ്പൻറു്

* 732. [31] ശ്രീ. സി. കൊച്ചുകുഞ്ഞു്: താഴെ പറയുന്ന ചോദ്യത്തിനു തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി പറയുമോ:

(എ) 1954–55 വർഷത്തിൽ പട്ടികജാതി, പട്ടികവർഗ്ഗം എന്നീ വിഭാഗങ്ങളിൽപ്പെട്ട കോളേജു് വിദ്യാർത്ഥികൾക്കു് പ്രതിമാസം നൽകിയ സ്റ്റൈപ്പൻറു് തുക എന്തു്;

(ബി) സ്റ്റൈപ്പൻറു തുക 45 രൂപയിൽനിന്നും 50 രൂപയായി വർദ്ധിപ്പിച്ചു് ഗവണ്മെൻറു ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) അടുത്തവർഷം സ്റ്റൈപ്പൻറു് തുക വർദ്ധിപ്പിക്കണമെന്നു നിർദ്ദേശിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) 1954–55 വർഷത്തിൽ പട്ടികജാതി, പട്ടികവർഗ്ഗം എന്നീ വിഭാഗങ്ങളിൽപ്പെട്ട കോളേജു് വിദ്യാർത്ഥികളിൽ കോളേജിനു 5 മൈലിനകലെ സ്ഥിരതാമസമുള്ളവർക്കു 45 രൂപാ വീതവും, കോളേജിനു 5 മൈലിനുള്ളിൽ സ്ഥിരതാമസമുള്ളവർക്കു് 40 രൂപാ വീതവും പ്രതിമാസം സ്റ്റൈപ്പൻറു നൽകിയിട്ടുണ്ടു്.

(ബി) ഇല്ല.

(സി) അതിനെപ്പറ്റി ആലോചിച്ചിട്ടില്ല.

മാച്ചിസ്സൺ എസ്റ്റേറ്റിൽ നടന്ന വെടിവയ്പു്.

* 733. [32] ശ്രീ. എൻ. ചന്ദ്രശേഖരൻനായർ: താഴെ കാണുന്ന ചോദ്യത്തിനു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാടു താലൂക്കിൽപ്പെട്ട മാച്ചിസ്സൺ എസ്റ്റേറ്റിൽ മാനേജ്മെൻറു്, തൊഴിലാളികളുടെ നേരെ വെടിവച്ചതായി ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly